ഓൺലൈന് ക്ലാസുകള് ഇനി ഈസി; പഠനകേന്ദ്രങ്ങൾ ഒരുങ്ങി

ആലപ്പുഴ: കോവിഡ് പശ്ചാത്തലത്തിൽ ക്ളാസുകള് ഓൺലൈനിലായതോടെ ജില്ലയിലെ കുട്ടികളുടെ പഠനം ഉറപ്പുവരുത്തുന്നതിനായി മികച്ച സംവിധാനങ്ങൾ ഒരുക്കി ആലപ്പുഴ ജില്ല. റഗുലർ ഓൺലൈന് ക്ലാസുകള് തിങ്കളാഴ്ച മുതൽ ആരംഭിക്കുമ്പോള് ജില്ലയിലുടനീളം 186 പഠന കേന്ദ്രങ്ങൾ ആണ് തയ്യാറായത്. ജില്ലാ ഭരണകൂടത്തോടൊപ്പം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും വിദ്യാഭ്യാസവകുപ്പും സമഗ്രശിക്ഷ കേരളയും സൗകര്യങ്ങൾ സുസജ്ജമാക്കാന് മുൻകൈയെടുക്കുന്നു. സഹകരണ സംഘങ്ങൾ, കുടുംബശ്രീ , സന്നദ്ധസംഘടനകൾ, വ്യവസായികള് തുടങ്ങിയവരുടെ സഹായത്തോടെയാണ് ഓൺലൈന് ക്ലാസുകൾക്കുള്ള ടി.വി. ഉൾപ്പടെയുള്ള ഭൗതിക സൗകര്യം വിദ്യാർത്ഥികൾക്ക് ഒരുക്കുന്നത്.

കുട്ടികൾക്കായി ഒരുക്കിയിരിക്കുന്ന സൗകര്യങ്ങള് വിലയിരുത്തുന്നതിന് വേണ്ടി ജില്ലാ കളക്ടർ എ. അലക്സാണ്ടര് ഓൺലൈന് പഠന കേന്ദ്രങ്ങള് സന്ദർശിച്ചു. കസ്തൂർബാ വായനശാല മാരാരിക്കുളം, കലാലയ വായനശാല തുമ്പോളി, യൂണിവേഴ്സല് വായനശാല തുമ്പോളി എന്നിവിടങ്ങളിലാണ് കളക്ടർ സന്ദർശനം നടത്തിയത്. വായനശാലകളിലെ സൗകര്യങ്ങൾ വിലയിരുത്തിയ കളക്ടര് കുട്ടികൾക്കായി കുടിവെള്ള സംവിധാനം, സാനിറ്റൈസർ തുടങ്ങിയവ ഉറപ്പാക്കണമെന്നും, സാമൂഹിക അകലം കൃത്യമായി പാലിക്കണമെന്നും വായനശാല അധികൃതർക്ക് നിർദേശം നൽകി.

കോവിഡ് പശ്ചാത്തലത്തിൽ വിദ്യാഭ്യാസം പുതിയതലത്തിലേക്ക പ്രവേശിക്കുമ്പോൾ എല്ലാവർക്കും ഈ സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ടെന്നും ഒരു കുട്ടിക്ക് പോലും സൗകര്യമില്ലായ്മയുടെ പേരിൽ പഠനം നഷ്ടപ്പെടരുതെന്നും ഉറപ്പാക്കാനാണ് പഠനകേന്ദ്രങ്ങൾ ഒരുക്കുന്നതെന്ന് ജില്ലാ കളക്ടര് എ അലക്സാണ്ടര് പറഞ്ഞു.

കോവിഡ് പ്രോട്ടോകോള് കൃത്യമായി പാലിച്ചാണ് പഠന കേന്ദ്രങ്ങളുടെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്. വിക്ടേഴ്സ് ചാനലിൽ ക്ലാസുകള് കാണുവാനുള്ള ടിവി, കേബിൾ കണക്ഷന്, മേശ, കസേര, കുടിവെള്ള സംവിധാനം, സാനിറ്റൈസർ തുടങ്ങിയവയെല്ലാം പഠന കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുണ്ട്.

പഠന കേന്ദ്രങ്ങളിൽ എത്തുന്ന കുട്ടികളുടെ മേൽനോട്ടം അതത് സ്ഥലങ്ങളിലെ സ്കൂളുകളില് ജോലിചെയ്യുന്ന അധ്യാപകർക്കാണ്, കുട്ടികൾക്ക് പഠിക്കാനാവശ്യമായ സഹായങ്ങൾ നല്കുന്നതിനു പുറമെ അതത് ദിവസത്തെ ടൈംടേബിളും ഈ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കും. പഠന കേന്ദ്രങ്ങളില് കോവിഡ് പ്രോട്ടോകോള് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അധ്യാപകരുടെ ചുമതലയാണ്. ജില്ലാതലത്തിൽ ഡി. ഡി. ഇയും ഉപജില്ലാ തലത്തിൽ ഡി. ഇ.ഒ, എ.ഇ.ഒമാരും എല്ലാ കുട്ടികൾക്കും ഓൺലൈന് ക്ലാസ് ഫലപ്രദമായി ഉപയോഗപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തും. സെന്ററിലെ പവർ സപ്ലൈ, കേബിൾ കണക്ഷന്, ഫാൻ, കസേര, മേശ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തും. പഠന കേന്ദ്രങ്ങളിൽ കുട്ടികളെ എത്തിക്കേണ്ട ചുമതല അതത് പ്രഥമ അധ്യാപകർക്കാണ്.

വിദ്യാഭ്യാസ വകുപ്പിന്റെ ആദ്യ കണക്കെടുപ്പിൽ ജില്ലയില് ഓൺലൈന് പഠന സൗകര്യം ഇല്ലാതിരുന്നത് 3386 കുട്ടികൾക്കായിരുന്നു. എന്നാൽ വിവിധ വകുപ്പുകളുടെയും ഐ.ടി.അറ്റ് സ്കൂളിന്റെയും സന്നദ്ധ സംഘടനകളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ ആയിരത്തോളം വിദ്യാർഥികൾക്ക് ഈ സൗകര്യം ഇതിനകം ഉറപ്പാക്കാന് സാധിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന 2385 കുട്ടികൾക്ക് ജില്ലയില് ഓൺലൈന് ക്ലാസുകള് കാണുന്നതിനുള്ള സൗകര്യമില്ലെന്നും വിദ്യാഭ്യാസ ഉപഡയറക്ടർ നേരത്തെ ജില്ലാ കളക്ടറേറ്റില് നടന്ന യോഗത്തിൽ അറിയിച്ചിരുന്നു. ഇതെത്തുടർന്നാണ് 186 പഠന കേന്ദ്രങ്ങൾ ഒരുക്കിയത്. ജില്ലയിലെ വിവിധയിടങ്ങളിലായി ലൈബ്രറികൾ, ബി.ആർ.സി സെന്ററുകൾ, പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ. സി.ആർ.സി ഹാൾ, കൃഷിഭവൻ ഹാള് തുടങ്ങിയ കേന്ദ്രങ്ങളിലാണ് ഓൺലൈന് ക്ലാസുകള് ക്കായുള്ള

ഇടം കണ്ടെത്തിയിരിക്കുന്നത്. ഇതിൽ 87 എണ്ണം ജില്ലാ ലൈബ്രറി കൗൺസിലുമായി സഹകരിച്ചാണ് ഒരുക്കിയത്.

വിദ്യാഭ്യാസ ഉപഡയറക്ടർ ധന്യ ആർ.കുമാർ, സമഗ്ര ശിക്ഷ കേരള ജില്ല പ്രോഗ്രാം ഓഫീസർ എം.ഷുക്കൂർ , സമഗ്ര ശിക്ഷ കേരള ബ്ലോക്ക് പ്രോഗ്രാം കോഓർഡിനേറ്റര് ഷാജി മഞ്ജരി എന്നിവരും ഓൺലൈന് പഠന കേന്ദ്രസന്ദർശനത്തില് കളക്ടറെ അനുഗമിച്ചു.